# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം.435.

26/06/2019 -ൽ മറുപടിക്ക്

## സർക്കാർ കോളേജുകൾക്ക് നാക് അക്രഡിറ്റേഷൻ

**ചോദ്യം**

ശ്രീ. എ. എൻ. ഷംസീർ
,, കെ.സുരേഷ് കുറുപ്പ്
,, ഐ.ബി. സതീഷ്
ശ്രീമതി. വീണാ ജോർജ്ജ്

**മറുപടി**

ഡോ.കെ.ടി.ജലീൽ
(ബഹു.ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് ആകെയുള്ള കോളേജുകളിൽ പതിനഞ്ച് ശതമാനത്തിൽ താഴെ എണ്ണത്തിനു മാത്രമേ നാക് അക്രഡിറ്റേഷൻ നേടാൻ സാധ്യമായിട്ടുള്ളൂ എന്നത് പരിഗണിച്ച് നാക് അക്രഡിറ്റേഷൻ നേടാൻ പ്രാപ്തമാകും വിധം സർക്കാർ കോളേജുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും അക്കാദമിക മികവിനും നടത്തിവരുന്ന പ്രവർത്തനം അറിയിക്കാമോ;

(എ) കേരളത്തിലെ 13 സംസ്ഥാന സർവ്വകലാശാലകളിൽ 6 എണ്ണത്തിനും (കേരള, മഹാത്മാഗാന്ധി, കാലിക്കറ്റ്, കുസാറ്റ്, കണ്ണൂർ, സംസ്കൃത സർവ്വകലാശാലകൾക്ക്), 66 സർക്കാർ കോളേജുകളിൽ 33 നും, 192 എയ്ഡഡ് കോളേജുകളിൽ 168 നും നാക് അക്രെഡിറ്റേഷനുണ്ട്. ഒമ്പത് സർക്കാർ എൻജിനീയറിംഗ് കോളേജുകളിൽ ആറിനും, ആകെയുള്ള മൂന്ന് എയ്ഡഡ് എൻജിനീയറിംഗ് കോളേജുകൾക്കും, 113 ൽ 15 സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലെ പ്രോഗ്രാമുകൾക്കും എൻ.ബി.എ അക്രെഡിറ്റേഷനുണ്ട്. സർക്കാർ കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് RUSA, KIIFB എന്നീ ഏജൻസികൾ വഴി ഫണ്ട് അനുവദിക്കുന്നുണ്ട്.

(ബി) കോളേജുകളെ പടിപടിയായി നാക് നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി സാക് അക്രഡിറ്റേഷൻ ആരംഭിക്കാൻ തീരുമാനമായിട്ടുണ്ടോ; ഇതിനുള്ള മാർഗ്ഗരേഖ തയ്യാറായിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) സംസ്ഥാനത്തെ സവിശേഷ അക്കാദമിക, സാമൂഹിക പശ്ചാത്തലം കണക്കിലെടുത്തു കൊണ്ട് സംസ്ഥാനത്തെ സർവ്വകലാശാലകളുടെയും സർക്കാർ-എയ്ഡഡ്-സ്വയംഭരണ-സ്വാശ്രയ കോളേജുകളുടെയും പ്രവർത്തനമികവ് വിലയിരുത്താനും ഗ്രേഡ് ചെയ്യാനും കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന് കീഴിൽ സ്റ്റേറ്റ് അസസ്സ്മെന്റ് & അക്രഡിറ്റേഷൻ സെന്റർ (SAAC) ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. സ്ഥാപനങ്ങളെ വിലയിരുത്തി ഗ്രേഡ് നൽകുന്നതിനോടൊപ്പം ദേശീയതല വിലയിരുത്തലിന് (NAAC അക്രഡിറ്റേഷൻ)

| | | | |
|---|---|---|---|
| | | | സർവ്വകലാശാലകളെയും കോളേജുകളെയും സജ്ജമാക്കുന്നതിനുള്ള പ്രവർത്തനവും സാക്ക് നടത്തും. SAAC വിലയിരുത്തൽ നടത്തുമ്പോൾ വിശദമായ അക്കാദമിക് ഓഡിറ്റിനും സ്ഥാപനങ്ങൾ വിധേയമാകും. |
| (സി) | അഫിലിയേറ്റഡ് കോളേജുകളുടെ ഗുണനിലവാരം ഉയർത്തുന്നതിന് അക്കാദമിക് ഓഡിറ്റ് നടത്തി വരുന്നുണ്ടോ; അതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ? | (സി) | ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ നടന്നു വരുന്ന ആൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വെയുടെ ഭാഗമായി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട സമഗ്ര വിവരശേഖരണം നടന്നുവരുന്നുണ്ട്. SAAC മുഖേന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വിശദമായ അക്കാദമിക് ഓഡിറ്റിന് വിധേയമാക്കുവാൻ പദ്ധതിയുണ്ട്. |

**സെക്ഷൻ ഓഫീസർ**